"ഭരണഭാഷ - മാതൃഭാഷ"

## ചീഫ് ഹൈഡ്രോഗ്രാഫറുടെ നടപടി ക്രമങ്ങൾ
## ഹൈഡ്രോഗ്രാഫിക് സർവ്വേ വിംഗ്, തിരുവനന്തപുരം - 09
## (ഹാജർ: ശ്രീ ജിരോഷ് കുമാർ വി, ചീഫ് ഹൈഡ്രോഗ്രാഫർ)

വിഷയം : ഹൈഡ്രോഗ്രാഫിക് സർവ്വെ വിംഗ് -തിരുവനന്തപുരം- ഫീൽഡ് അസിസ്റ്റന്റ് ശ്രീമതി ജ്യോതിഷ പി.ജെ-യ്ക്ക് ഒന്നാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നത് - സംബന്ധിച്ച്

പരാമർശം : 1. GO(P) No.5/2003/F&PD dated 25/01/2003
2. ആലപ്പുഴ അസിസ്റ്റന്റ് മറൈൻ സർവ്വേയറുടെ 21/06/2022-ലെ 179/2022/എച്ച്.എസ്.വിംഗ് /ആലപ്പുഴ നം. കത്ത്
3. GO(P) No.27/2021/F&PD dated 10/02/2021

******

**<u>ഉത്തരവ് നം.എ1-2210/2022/എച്ച്.എസ്.വിംഗ് തീയതി 30/08/2022</u>**

പരാമർശം (1) ലെ ശമ്പള പരിഷ്കരണ ഉത്തരവ് പ്രകാരം 31100-66800/- രൂപ മുതൽ 39800-83000/- രൂപ വരെയുള്ള ശമ്പള സ്കെയിലിലുള്ള ജീവനക്കാർക്ക് നിശ്ചിത കാലാവധിയിലുള്ള സേവനം പൂർത്തിയാക്കുന്ന മുറയ്ക്ക് മൂന്ന് ഹയർ ഗ്രേഡ് വരെ അനുവദിച്ച് പരാമർശം (3) പ്രകാരം ഉത്തരവായിട്ടുണ്ട്. ആദ്യത്തേത് എൻട്രി തസ്തികയിൽ 8 വർഷം പൂർത്തിയാകുന്ന മുറയ്ക്കും. 2-ാം മത്തേത് 15 വർഷം പൂർത്തിയാകുകയും 4-ാം മത്തേത് 22 വർഷം പൂർത്തിയാക്കുകയും ചെയ്യുമ്പോൾ അനുവദിക്കാമെന്ന് ഉത്തരവായിട്ടുണ്ട്. ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ സേവനമനിഷ്ഠിക്കുന്ന ശ്രീമതി ജ്യോതിഷ പി.ജെ-യ്ക്ക് 1-ാം സമയബന്ധിത ഹയർ ഗ്രേഡ് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ സൂചന (2) പ്രകാരം ആലപ്പുഴ അസിസ്റ്റന്റ് മറൈൻ സർവ്വേയർ സമർപ്പിച്ചിട്ടുണ്ട്.

പി.എസ്.സി മുഖേന 04/06/2014-ൽ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ പ്രവേശിച്ച ശ്രീമതി ജ്യോതിഷ പി.ജെ-യുടെ 8 വർഷത്തെ സർവ്വീസ് 19/06/2022-ൽ പൂർത്തിയാക്കി 8 വർഷത്തിനിടയ്ക്ക് മറ്റ് പ്രൊമോഷനുകളൊന്നും അനുവദിച്ചിട്ടില്ല സർവ്വീസ് ബുക്ക് പരിശോധിച്ചപ്പോൾ ഗ്രേഡിന് പരിഗണിക്കാൻ സാധിക്കാത്ത 16 ദിവസത്തെ ശൂന്യവേതനാവധി ടിയാൾ വിനിയോഗിച്ചിട്ടുണ്ട്. പരാമർശം (1)ലെ ഉത്തരവ് പ്രകാരം അസിസ്റ്റന്റ് മറൈൻ സർവ്വേയർ തസ്തികയിലെ ബൈ ട്രാൻസ്ഫർ നിയമനത്തിനുള്ള യോഗ്യത നേടിയിട്ടുണ്ട്.

മേൽ സാഹചര്യത്തിൽ എൻ ട്രി തസ്തികയായ ഫീൽഡ് അസിസ്റ്റന്റ് തസ്തികയിൽ 8 വർഷം പൂർത്തിയാക്കിയ ശ്രീമതി ജ്യോതിഷ പി.ജെ-യ്ക്ക് ശൂന്യവേതനാവധി പരിഗണിച്ച 20/06/2021തീയതി പ്രാബല്യത്തിൽ 1-ാം സമയബന്ധിത ഹയർ ഗ്രേഡ് 55200-115300/- രൂപ ശമ്പള സ്കെയിലിൽ അനുവദിച്ച് ഉത്തരവാകുന്നു

KSSR പാർട്ട് I റൂൾ 28 എ പ്രകാരം ശമ്പളം ഫിക്സ് ചെയ്യാവുന്നതാണ്.

ചീഫ് ഹൈഡ്രോഗ്രാഫർ

<u>സ്വീകർത്താവ്</u>

1. ശ്രീമതി ജ്യോതിഷ പി.ജെ, ഫീൽഡ് അസിസ്റ്റന്റ് (ആലപ്പുഴ അസിസ്റ്റന്റ് മറൈൻ സർവ്വേയർ മുഖേന)

പകർപ്പ്:

1. അസിസ്റ്റന്റ് മറൈൻ സർവ്വേയർ,ആലപ്പുഴ (ടിയാന്റെ സർവ്വീസ് ബുക്കിൽ ആവശ്യമായ രേഖപ്പെടുത്തലുകൾ ചെയ്യേണ്ടതാണ്. ടിയാളുടെ സർവ്വീസ് ബുക്ക് തിരികെ അയക്കുന്നു. സർവ്വീസ് ബുക്ക് കൈപ്പറ്റിയ വിവരം അറിയിക്കേണ്ടതാണ്)
2. എ1 സെക്ഷൻ കരുതൽ ഫയൽ
3. സി1 സെക്ഷൻ ( വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്)